കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461, Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253,2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി: 25.03.2018

## സാക്ഷരതാമിഷൻ 350 ആദിവാസി ഇൻസ്ട്രക്ടർമാർക്ക് സാമൂഹിക സാക്ഷരതാ പരിശീലന പരിപാടി നടത്തി

# ആവലാതികൾ അനവധി; മുഖ്യധാരയിലേക്ക് ചർച്ച

തിരുവനന്തപുരം: കേരളത്തിലെ ആദിവാസികളെ എങ്ങനെ മുഖ്യധാരയിലേക്ക് കൊണ്ടുവരാം. അതിന് വസ്തുതകൾ നിരത്തിയുള്ള വിശകലനവും പ്രവർത്തനവും ആവശ്യമാണ്. ആദിവാസികൾ നിർജീവസ്ഥാനത്തു നിൽക്കുന്ന വ്യക്തിഗത ഗുണഭോക്താക്കൾ മാത്രമല്ലെന്നുള്ള അടിസ്ഥാന ധാരണ അവരിൽ ആദ്യം ഊട്ടിയുറപ്പിക്കേണ്ടതുണ്ട്. സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ആദിവാസി ഇൻസ്ട്രക്ടർമാർക്കുള്ള സാമൂഹ്യസാക്ഷരതാപരിശീലന പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച ഗ്രൂപ്പ് ചർച്ചകൾ വിരൽ ചൂണ്ടുന്നത് അതിലേക്കാണ്.  ഓരോ ആദിവാസി വിഭാഗത്തിന്റെയും പ്രശ്നങ്ങളും വികസനാവശ്യങ്ങളും വ്യത്യസ്തമാണ്. അതിൽത്തന്നെ സ്ത്രീകളുടെയും പുരുഷന്മാരുടെയും വികസന ആവശ്യങ്ങൾക്കുമുണ്ട് സവിശേഷ വ്യത്യാസങ്ങൾ. സ്വന്തം ഉണ്മയുടെ സ്വത്വത്തിന്റെ കാതലിലേക്കും ചില്ലകളിലേക്കും ഞങ്ങളെ ചേർത്തു നിറുത്തിക്കൊണ്ടുള്ള മുഖ്യധാരാ വികസന സംസ്കാരമാണ് വേണ്ടതെന്ന പൊതുവികാരമാണ് ചർച്ചയിൽ പങ്കെടുത്ത 350 ആദിവാസി ഇൻസ്ട്രിക്ടർമാരിൽ നിന്നും ഒരേ സ്വരത്തിൽ ഉയർന്നുവന്നത്. കേരളീയ സമൂഹത്തിനു മുന്നിൽ ആദിവാസി സമൂഹം അനുഭവിക്കുന്ന കഴ്ടപ്പാടിന്റെ ഭൂപടം നിവർത്തിവക്കുന്നതായിരുന്നു അത്.

നിയമം, പരിസ്ഥിതി, സ്കൂൾ വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ആരോഗ്യം,, ലിംഗസമത്വം, തൊഴിൽ, കൃഷി, മാധ്യമം, സിനിമ, സാഹിത്യം, മതനിരപേക്ഷത, വികസനം, ഭക്ഷണം, വീട്, വ്യവസായം, ജനാധിപത്യം  എന്നിങ്ങനെ 17 വിഷയങ്ങളിലായിരുന്നു ഗ്രൂപ്പ് ചർച്ച സംഘടിപ്പിച്ചത്.  ആദിവാസി ഇൻസട്രക്ടർമാ 21 പേർ വരുന്ന ഗ്രൂപ്പുകളായി  തരംതിരിച്ചായിരുന്നു ഗ്രൂപ്പു ചർച്ച നടത്തിയത്.

സ്ത്രീകളടക്കം ആദിവാസി സമൂഹത്തിൽ ഗ്രസിച്ചിരിക്കുന്ന മദ്യാസക്തിയുടെ വിപത്കരമായ ജീവിത സാഹചര്യങ്ങൾ, നിരക്ഷരത കാരണം ആദിവാസികളുടെ അവകാശങ്ങളും അ

വർക്ക് ലഭിക്കേണ്ട് ആനുകൂല്യങ്ങളെക്കുറിച്ചുമുള്ള അവബോധക്കുറവ് എന്നിവായിരുന്നു ചർച്ചകളിലൂടനീളം മുഴച്ചുനിന്നത്. അശാസ്ത്രീയമായ വികസന സംസ്കാരം വനമേഖലകളിൽ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും വരച്ചുകാട്ടി. തൊഴിൽ, സ്ഥിരതാമസം, ആചാര, അനുഷ്ഠാനങ്ങൾ, തനതു സംസ്കാരം എന്നിവയെ നിലനിറുത്തിക്കൊണ്ടുള്ള മുഖ്യധാരാ വികസനത്തിന്റെ ആവശ്യകതയാണ് ചർച്ചയിൽ പങ്കെടുത്ത ഭൂരിഭാഗവും പ്രകടിപ്പിച്ചത്. ചർച്ചയിൽ പൊതുവായി ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങൾ അതാത് ഗ്രൂപ്പ് ലീഡർമാർ അവതരിപ്പിച്ചു.

രേഖപ്പെടുത്തലുകളില്ലാതെ വാമൊഴിയായി മാത്രം നിലനിൽക്കുന്നതുമൂലം ഗോത്രഭാഷകൾ ഭാവിയിൽ നശിച്ചുപോകുമെന്ന ആശങ്കയും ഉയർന്നുവന്നു. "എന്റെ ഭാഷയുടെ ഊരുഭാഷ എനിക്കറിയില്ല. എന്റെ അമ്മക്കുമറിയില്ല. നമുക്കും ഭാഷയുണ്ടായിരുന്നുവെന്ന് അമ്മ പറഞ്ഞു. – ഇതു പറയുമ്പോൾ സാഹിത്യം എന്ന വിഷയത്തിന്റെ ഗ്രൂപ്പ് ലീഡർ ശ്രീലക്ഷ്മിയുടെ മുഖത്ത് വിഷാദം പ്രകടമായിരുന്നു. പുതിയ കൃതികളും പുസ്തകങ്ങളും അതുപോലെ തന്നെ സാഹിത്യകാരനന്മാരും ഉണ്ട്. എത്രത്തോളം സാഹിത്യകാരന്മാർ നമ്മുടെ ഊരുകളിൽ എത്തുന്നുണ്ട്. നമ്മുടെ കാര്യങ്ങൾ എഴുതാൻ ഒരു സാഹിത്യകാരന്മാരും ഇല്ല. നമ്മുടെ ഇടയിൽ നിന്നും എഴുത്തുകാർ ഉണ്ടായാലേ നമ്മുടെ കാര്യങ്ങൾ എഴുതൂ. ഇതിന് ഗ്രന്ഥശാലകൾ ഉണ്ടാകണം. പുസ്തക പാരായണത്തിലൂടെ എഴുത്തുകാരും ഉണ്ടാകും. സാഹിത്യവും വളരും. ആ എഴുത്തുകാർക്കു മാത്രമേ ആദിവാസികൾക്കെതിരെയുള്ള അക്രമങ്ങൾക്കു നേരെ ആത്മാർത്ഥമായി പ്രതികരിക്കാൻ കഴിയൂ– ശ്രീലക്ഷ്മി പറയുന്നു.

ആദിവാസി ഊരുകളിൽ പത്രങ്ങൾ ഇല്ലെന്ന പരിദേവനമാണ് മാധ്യമം എന്ന വിഷയത്തിലെ ഗ്രൂപ്പിന്റെ ലീഡർ വയനാട് പടിഞ്ഞാറെത്തറ പഞ്ചായത്തിൽ നിന്നുള്ള രാജയ്ക്ക്. ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങളുടെ നിജസ്ഥിതികളിലേക്ക് വെളിച്ചം വീശുന്ന വാർത്തകൾ വിരളമാണ്. ചെറിയ കാര്യങ്ങൾ വലുതാക്കുകയും വലിയ കാര്യങ്ങൾ ചെറുതാക്കുകയും ചെയ്യുന്ന മാധ്യമ സംസ്കാരത്തോടുള്ള പ്രതിഷേധവും രാജ അറിയിച്ചു.

സിനിമ, ഡോക്യുമെന്ററി, കാർട്ടൂൺ തുടങ്ങിയവയിലൂടെ ആദിവാസികളുടെ ജീവിതശൈലികളിൽ മാറ്റം വരുത്താൻ ഉതകുന്ന ദൃശ്യമാധ്യമ സംസ്കാരം വളർന്നുവരേണ്ടതിന്റെ ആവശ്യകതയിലേക്കായിരുന്നു സിനിമ എന്ന വിഷയത്തിന്റെ ഗ്രൂപ്പ് ലീഡർ തിരുവനന്തപുരം വിതുരയിൽ നിന്നുള്ള അജിത വിരൽ ചൂണ്ടിയത്.

പട്ടികവർഗ വിഭാഗങ്ങളുടെ കാര്യത്തിൽ ജനാധിപത്യം അടിച്ചമർത്തപ്പെടുന്നതിലെ വേദനയാണ് ഈ വിഷയത്തിന്റെ ഗ്രൂപ്പ് ലീഡർ പാലക്കാട് പുതൂരിൽ നിന്നുള്ള രമേശ് പങ്കുവച്ചത്. വിഭവങ്ങളുടെ വിതരണം താരതമ്യം ചെയ്യുമ്പോൾ പട്ടികവർഗ വിഭാഗങ്ങളുടെ കാര്യത്തിൽ ജനാധിപത്യം കുറവാണ്. ഗിരിവർഗ മേഖലകളിലെ രൂക്ഷമായ ഗതാഗത പ്രശ്നമാണ് ഇതിന് ഉപോത്ബലകമായി രമേശ് ചൂണ്ടിക്കാട്ടിയത്.

നവകേരള സൃഷ്ടി യാഥാർത്ഥ്യമാകണമെങ്കിൽ ആദിവാസി കൾ പൊതുസമൂഹത്തിന്റെ ഭാഗമാകേണ്ടതുണ്ടെന്ന് ഗ്രൂപ്പു ചർച്ചകളുടെ പൊതുഅവതരണത്തിനു മറുപടിയായി സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല പറഞ്ഞു. ആദിവാസി സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ഗ്രൂപ്പു ചർച്ചകളിൽ ഉയർന്നുവന്ന കാര്യങ്ങളുടെ വിശദമായ റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കുമെന്നും അവർ പറഞ്ഞു.

ഡോ.സുഹൃത്കുമാർ, ഷിബു കെ.നായർ, ബി. വിദ്യാധരൻകാണി, ചിന്ത ജെറോം, ഡോ.ജി.ആർ. സന്തോഷ്കുമാർ, ഡോ.ലേഖാനനരേന്ദ്രൻ, കെ.കെ.ജനാർദ്ദനൻ, ബിനുലാൽ കെ.ജി, ഡോ.ഷാലിൻ വർഗീസ്, വി.എസ്.ബിന്ദു, പി.എൻ.സരസമ്മ, പ്രിജിത്ത് പി.കെ, എൻ.

ജഗജീവൻ, മോഹൻകുമാർ വി.കെ, ഡോ.ശ്രീലതകുമാരി, ഡോ.ജെ.ബി.രാജൻ, അബുരാജ് ബി എന്നിവർ വിവിധ ഗ്രൂപ്പ് ചർച്ചകൾക്കു നേതൃത്വം നൽകി. ആദിവാസി സാക്ഷരതാ പദ്ധതികളുടെ കോ–ഓർഡിനേറ്റർ ഇ.വി.അനിൽ, സംസ്ഥാന സാക്ഷരതാമിഷൻ അസി.ഡയറക്ടർമാരായ ഡോ.ജെ.വിജയമ്മ, കെ.അയ്യപ്പൻനായർ, വിദ്യാഭ്യാസ പ്രവർത്തകൻ കെ.കെ.കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുത്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ